


ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | 2018 ഒക്ടോബർ – ഡിസംബർ ലക്കം

### ആർദ്രം പദ്ധതി
**പരിശീലന പരിപാടി ഐ.ആർ.ടി.സിയിൽ**



### വിദ്യാർത്ഥികൾക്ക് കൗതുകമായി ഫോൾഡ്സ്കോപ്പ്



### തീരമൈത്രി
**മിഷൻ കോർഡിനേറ്റർമാർക്കും ഓഫീസ് അസിസ്റ്റന്റുമാർക്കുമുള്ള പരിശീലനം**



### പരിശീലനം;
**സമഗ്ര മാലിന്യപരിപാലനം**



### കുടിവെള്ള ഗുണമേന്മ
**പരിശീലന പരിപാടി**



### ഓസോൺ
**ദിനാചരണം**

30
MONTREAL
PROTOCOL
caring for all life under the sun

**ഹരിതകേരള മിഷൻ പ്രവർത്തനങ്ങളുടെ**

## ഹരിത സഹായ സ്ഥാപനമായി ഐ.ആർ.ടി.സി

കേരള സർക്കാരിന്റെ സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി ഹരതികേരള മിഷൻ ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യപരിപാലനത്തിന് നേതൃത്വം നൽകുന്ന ഹരിതകർമ്മ സേനയ്ക്ക് പിന്തുണ നൽകുന്ന സംവിധാനമാണ് ഹരിത സഹായ സ്ഥാപനം. തദ്ദേശസ്വയംഭരണ പ്രദേശത്തെ മാലിന്യപരിപാലനത്തിന് സമഗ്രമായ ആക്ഷൻപ്ലാൻ തയ്യാറാക്കുക, ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുക, ഹരിത കർമ്മസേനയെ സ്വയംപ്രവർത്തനക്ഷമമാക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കുക, മാലിന്യപരിപാലന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, പോരായ്മകളും നിർദേശങ്ങളും ഭരണസമിതിയേയും ഹരിതകേരള മിഷനേയും സമയാസമയങ്ങളിൽ അറിയിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളാണ് ഹരിത സഹായ സ്ഥാപനത്തിനുള്ളത്. ഐ.ആർ.ടി.സി ഉൾപ്പെടെ 35 സ്ഥാപനങ്ങളെ സംസ്ഥാനത്താകെ ഹരിത സഹായ സ്ഥാപനങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. 160 - ലധികം തദ്ദേസ്വയംഭരണ സ്ഥാപനങ്ങളാണ് ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുള്ളത്.

വിവിധ ജില്ലകളിൽ നിന്നുള്ള ഫീൽഡ് കോർഡിനേറ്റർമാർക്കുള്ള രണ്ടുഘട്ടം പരിശീലനങ്ങൾ ഐ.ആർ.ടി.സിയിൽ പൂർത്തിയായി. മാലിന്യപരിപാലന രംഗത്ത് ഐ.ആർ.ടി.സിയുടെ അനുഭവങ്ങൾ വിവിധ പ്രദേശങ്ങളിൽ പ്രായോഗികമായി നടപ്പിലാക്കുന്നതിന് പുതിയ മാതൃകകൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഇതിനായുള്ള പ്രവർത്തന പരിപാടികൾ വിവിധ തദ്ദേശഭരണ പ്രദേശങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.



## എഡിറ്റോറിയൽ

“ പ്രളയാനന്തരമുള്ള പുതുക്കിപ്പണിയൽ കേരളത്തെ സമഗ്രമായി പുതുക്കുന്നതിനുള്ള അവസരമായി കാണണമെന്നാണ് വിദഗ്ധരായ നിരവധി പേർ അഭിപ്രായപ്പെട്ടിരിക്കുന്നത്. സാങ്കേതിക വിദ്യയിൽ മാത്രമല്ല സംസ്കാരത്തിലും സമീപനത്തിലുമെല്ലാം വേണം മാറ്റങ്ങൾ. കാലാവസ്ഥാ മാറ്റവും അതു സൃഷ്ടിക്കുന്ന തീവ്രമായ വർഷവും വരൾച്ചയും നമുക്ക് ഇന്ന് അനുഭവപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

പ്രകൃതിവിഭവങ്ങളുടെ വിവേക പൂർണമായ ഉപയോഗവും സാമൂഹ്യനീതിയിലധിഷ്ഠിതമായ ഉല്പാദന–വിതരണ പ്രവർത്തനങ്ങളും കുറേക്കൂടി പ്രസക്തമായിരിക്കുന്നു. ആർത്തിക്കും അമിത ഉപയോഗത്തിനും നിലനില്പില്ലെന്നും സാങ്കേതികത്തികവുകളോടൊപ്പം സാമൂഹ്യമായ ഉൾക്കാഴ്ചകളും ദർശനമാണ് ഐ.ആർ.ടി.സി യെ നയിക്കുന്നത്.

പ്രകൃതിവിഭവ പരിപാലനരംഗത്ത് മികച്ച മാസ്റ്റർപ്ലാനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി തയ്യാറാക്കൽ, സമൂഹത്തിൽ ഏറ്റവും കൂടുതൽ പാർശ്വവൽക്കരണം നേരിടുന്ന സ്ത്രീകൾ, മത്സ്യതൊഴിലാളികൾ, ആദിവാസികൾ, മൺപാത്രതൊഴിലാളികൾ തുടങ്ങിയവരുടെ ജീവനോപാധി വികസനം കേരളത്തെ അധിവാസയോഗ്യമല്ലാതാക്കി മാറ്റിക്കൊണ്ടിരിക്കുന്ന മാലിന്യത്തിൽ നിന്നുള്ള മോചനം, ഊർജ ഉപയോഗത്തിൽ മിതത്വ ത്തിന്റെ നവീനപാഠങ്ങൾ, കാലാവസ്ഥാമാറ്റമറിയാനും ദുരന്തനിവാരണത്തിനുമുള്ള പുതിയ പാഠങ്ങൾ, കാർഷികരംഗത്തെ പ്രായോഗിക ഇടപെടലുകൾ എന്നിങ്ങനെ ഐ.ആർ.ടി.സി നിരന്തരമായി ഇടപെട്ടു പ്രവർത്തിക്കുന്ന മേഖലകൾ വിപുലമായി മാറിക്കൊണ്ടിരിക്കുന്നു. ഗവേഷണരംഗത്ത് കൂടുതൽ കരുത്തോടെ മുന്നേറാൻ മനുഷ്യവിഭവശേഷിയും സർഗാത്മകചിന്തകളും സംയോജിപ്പിക്കാനുള്ള പുതിയ യത്നങ്ങളിലേക്ക് ഐ.ആർ.ടി.സി മുന്നേറിക്കൊണ്ടിരിക്കുന്നു. സജീവമായ ജനകീയ ഗവേഷണത്തിന്റെ പുതുവഴികൾക്കായി നമുക്ക് കൂട്ടായി ചിന്തിക്കാം. ”

## സമഗ്ര മാലിന്യ പരിപാലനം: ത്രിദിന പരിശീലന പരമ്പര

ഖരമാലിന്യ പരിപാലനത്തിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനമാണ് ഐ.ആർ.ടി.സി. ഈ മേഖലയിലെ ഐ.ആർ.ടി.സിയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മൂന്നു ദിവസത്തെ പരിശീലന പരമ്പര ഐ.ആർ.ടി.സിയിൽ നടന്നുവരുന്നുണ്ട്. ആഗസ്ത് 1-3, 29-31, സെപ്തംബർ 25-27 തീയതികളിൽ ഐ.ആർ.ടി.സി കാമ്പസിൽ നടന്ന ത്രിദിന പരിശീലന പരിപാടിയിൽ മികച്ച പങ്കാളിത്തമുണ്ടായി.

മാലിന്യ സംസ്കരണത്തിലെ നവീന രീതികളും സംവിധാനങ്ങളും, വിസർജ്യ മാലിന്യ സംസ്കരണവും പാഴ്ജലസംസ്ക്കരണവും, ഉറവിട മാലിന്യ സംസ്കരണം, മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നീ വിഷയങ്ങളെ സംബന്ധിച്ച് പങ്കാളികൾക്ക് ഐ.ആർ.ടി.സിയിലെ മാലിന്യസംസ്കരണ സംവിധാനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കാൻ അവസരം ലഭിച്ചു. ശ്രീ ടി.പി. ശ്രീശങ്കർ, പ്രൊഫ. വി.ആർ രഘുനന്ദൻ, ശ്രീ. എം. ഉണ്ണികൃഷ്ണൻ, പ്രൊഫ. പി.കെ. രവീന്ദ്രൻ, ശ്രീ വി.ജി. ഗോപിനാഥൻ, ശ്രീ. വൈ. കല്യാണകൃഷ്ണൻ, പ്രൊഫ. ബി.എം. മുസ്തഫ, ശ്രീമതി വി. സുസ്മിത, ശ്രീമതി മരിയ മിഥു ഫ്രാൻസിസ് എന്നിവരാണ് ക്ലാസുകൾ നയിച്ചത്. മാലിന്യസംസ്കരണത്തെ സംബന്ധിച്ച് ഐ.ആർ.ടി.സി തയ്യാറാക്കിയ കൈപ്പുസ്തകവും സർട്ടിഫിക്കറ്റും പ്രതിനിധികൾക്ക് വിതരണം ചെയ്തു.



പരിശീലനാർത്ഥികൾ ഐ.ആർ.ടി.സിയിലെ മാലിന്യസംസ്കരണ ഉപാധികൾ സന്ദർശിക്കുന്നു

## ആർദ്രം – കുടുംബാരോഗ്യ കേന്ദ്രങ്ങൾ

### ജീവനക്കാർക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലനം

കേരളസർക്കാരിന്റെ നേതൃത്വത്തിൽ ഹെൽത്ത് റിസോഴ്സ് സെന്റർ കേരളയും കിലയും സംയുക്തമായി ആരോഗ്യവകുപ്പ് ജീവനക്കാർക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലന പരിപാടി ഐ.ആർ.ടി.സിയിൽ സംഘടിപ്പിച്ചു. 2018 ഒക്ടോബർ മുതൽ ഡിസംബർ വരെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 200 പേർ വീതമുള്ള 26 ബാച്ചുകൾക്ക് ഐ.ആർ.ടി.സിയിൽ വച്ച് ദ്വിദിന പരിശീലനം നൽകി. ആർദ്രം മിഷൻ ഡയറക്ടർ ഡോ.ജമീല ബാലൻ, SHSRC-Kerala ഡയറക്ടർ ഡോ.ഷിനു കെ.എസ്, ജില്ലാ മെഡിക്കൽ ഓഫീസർമാർ, കില പ്രതിനിധികൾ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ആരോഗ്യവകുപ്പിൽ നിന്നുള്ള പരിചയസമ്പന്നരായ റിസോഴ്സ് പേഴ്സൺമാരാണ് ഓരോ സെഷനും നയിച്ചത്.

പരിശീലന ക്യാമ്പിന്റെ സമാപനം ബഹു. ആരോഗ്യ-കുടുംബക്ഷേമ മന്ത്രി ശ്രീമതി.കെ.കെ.ശൈലജ ഉദ്ഘാടനം ചെയ്തു. ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എസ്.ശ്രീകുമാർ, രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.



ബഹു. ആരോഗ്യ-കുടുംബക്ഷേമ മന്ത്രി ശ്രീമതി.കെ.കെ.ശൈലജ സംസാരിക്കുന്നു



## ഓസോൺ ദിനാചരണം

ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികൾക്കായുള്ള ലേഖന മത്സരം സെപ്തംബർ 18 ന് ഐ.ആർ.ടി.സി.യിൽ നടന്നു. ഹയർ സെക്കണ്ടറി, ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന കുട്ടികളാണ് പങ്കെടുത്തത്. "Ozone depletion consequences on Health and Environment" എന്നതായിരുന്നു വിഷയം. പങ്കെടുത്ത 10 കുട്ടികളിൽ നിന്ന് തിരഞ്ഞെടുത്ത് മൂന്ന് മികച്ച ലേഖനങ്ങൾക്ക് സമ്മാനങ്ങൾ നൽകി. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹകരണത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

സെപ്തംബർ 22ന് "Ozone depletion and its consequenses on living organism" എന്ന വിഷയം പ്രമേയമാക്കി നടന്ന ഏകദിന സെമിനാർ ഐ.ആർ.ടി.സി. രജിസ്ട്രാർ ശ്രീ കെ.കെ.ജനാർദ്ദനൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ.ബി.എം.മുസ്തഫ അദ്ധ്യക്ഷനായിരുന്നു. കേരള ജൈവവൈവിധ്യ ബോർഡിന്റെ മുൻ പാലക്കാട് ജില്ലാ കോ-ഓർഡിനേറ്ററായ ഡോ.ഉമ ജെ. വിനോദാണ് സെഷൻ നയിച്ചത്. വിദ്യാർത്ഥികളും അദ്ധ്യാപകരും ഐ.ആർ.ടി.സി ഗവേഷകരും ഉൾപ്പെടെ 44 പേർ പങ്കെടുത്തു. ഓസോൺ പാളിയുടെ അപചയം, അതിന്റെ പ്രത്യാഘാതങ്ങൾ, പ്രതിവിധികൾ- മോൺട്രിയാൻ പ്രോട്ടോക്കോൾ എന്നിവയെല്ലാം അടിസ്ഥാനമാക്കിയായിരുന്നു ചർച്ചകൾ നടന്നത്. പരിഹാരമാർഗ്ഗങ്ങളായി ഓസോൺ പാളി നശിക്കാൻ കാരണമാകുന്ന ഇടപെടലുകൾ പരമാവധി കുറയ്ക്കുക, പകരം പരിസ്ഥിതിസൗഹൃദ വസ്തുക്കൾ പ്രയോജനപ്പെടുത്തുക, സാങ്കേതിക-സാമ്പത്തിക നയങ്ങൾ സുസ്ഥിരമാക്കുക എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ നിന്നു തന്നെ ഉയർന്നു വന്നു.




ഡോ. ഉമ ജെ.വിനോദ് ക്ലാസെടുക്കുന്നു

## കുടിവെള്ള ഗുണമേന്മ പരിശീലനം



ജലപരിശോധന പരിശീലന പരിപാടിയിൽ നിന്ന്

കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധനയുടെ ആവശ്യകത വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വികേന്ദ്രീകൃത പരിശോധനാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പരിശീലന പരിപാടി ഐ.ആർ.ടി.സിയിൽ സംഘടിപ്പിച്ചു. പ്രളയശേഷമുണ്ടായിരിക്കുന്ന മലിനജല പ്രശ്നങ്ങളും ശുദ്ധമായ കുടിവെള്ള ലഭ്യതയപ്പറ്റി ജനങ്ങൾക്ക് പൊതുവിലുള്ള ആശങ്കയും പരിഹരിക്കാനുള്ള ശ്രമമായാണ് ഐ.ആർ.ടി.സി ഈ പരിപാടി സംഘടിപ്പിച്ചത്.

ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ഉള്ള ലാബോറട്ടറികളിൽ ചില അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ജലപരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് അവതരണം നടന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും രക്ഷാകർതൃസമിതികളുടെയും പിന്തുണയോടെ ഇതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയം വിദ്യാർത്ഥികളുടെ പ്രൊജക്റ്റ് പ്രവർത്തനങ്ങളെയും പ്രദേശിക ജലപരിശോധന ആവശ്യകതയെയും ഫലപ്രദമായി കുട്ടിയിണക്കുകയും ചെയ്യുക എന്നായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.

സെപ്തംബർ 17, 18 തീയ്യതികളിലായി നടന്ന ആദ്യഘട്ട പരിശീലനം പ്രൊഫ. പി.കെ. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ സ്വാഗതമാശംസിച്ചു. ഡോ. എം.ലളിതാംബിക, പ്രൊഫ. ബി.എം. മുസ്തഫ, ഡോ.എം. ലളിതാംബിക, ശ്രീമതി സുസ്മിത, മരിയ, നിമ്യ ഹാദിക്ക നസ്റിൻ, ഫാത്തിമ നഷ്വ തുടങ്ങിയവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

## ആത്മവിശ്വാസത്തോടെ പരീക്ഷകൾക്കു തയ്യാറായി അട്ടപ്പാടിയിലെ യുവതീയുവാക്കൾ

അട്ടപ്പാടിയിലെ ആദിവാസി യുവതി യുവാക്കൾക്ക് ഐ.ടി.ഡി.പിയുടെ സാമ്പത്തിക സഹായത്തോടെ ഐ.ആർ.ടി.സി നടത്തിവരുന്ന മത്സര പരീക്ഷാ പരിശീലന പരിപാടി അവസാനഘട്ടത്തിലേക്കു കടന്നു. 2018 മാർച്ചിൽ ആരംഭിച്ച പരിശീലന പരിപാടിയിൽ അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലെ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ 60 ആദിവാസി യുവതി യുവാക്കൾക്കാണ് പരിശീലനം നൽകുന്നത്.

പൊതുഅവധി ദിവസങ്ങളിലും വാരാന്ത്യങ്ങളിലും നടത്തിവരുന്ന പരിശീലനപരിപാടിയിൽ ക്ലാസുകൾ നയിക്കുന്നത് വിദഗ്ധരായ പരിശീലകരാണ്. പ്രധാനമായും SSC, UPSC, മറ്റ് കേരളാ PSC പരീക്ഷകൾക്കുമുള്ള പരിശീലനമാണ് ഐ.ആർ.ടി.സി നൽകി വരുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണവും യാത്ര ചെലവും നൽകിക്കൊണ്ടുള്ള പരിശീലന പരിപാടിയാണിത്. 70% പാഠ്യവിഷയങ്ങളും 30% ജീവിതനൈപുണി വിഷയങ്ങളും ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടി സർക്കാർ മേഖലയിലെ വിവിധ തൊഴിലുകൾ നേടാൻ വഴിയൊരുക്കുന്നതാണ്.

ഇതോടൊപ്പം ജീവിതലക്ഷ്യങ്ങൾ എത്തിപ്പിടിക്കാനും പ്രതിബന്ധങ്ങളെ തരണം ചെയ്ത് മുന്നേറാനും പരിശീലനാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവും പരിശീലന പരിപാടിക്കുണ്ട്.





പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾ

## SAF തീരമൈത്രി മിഷൻ കോർഡിനേറ്റർമാർക്കും ഓഫീസ് അസിസ്റ്റന്റുമാർക്കും ഉള്ള പരിശീലനം

തീരമൈത്രി പദ്ധതിയുടെ ഭാഗമായി സാഫ് (SAF-Society for Assistance to Fisher Women) മിഷൻ കോ-ഓർഡിനേറ്റർമാർക്കും ഓഫീസ് അസിസ്റ്റന്റുമാർക്കും മൂന്നുദിവസം (ഒക്ടോബർ 2018) 16, 17, 18 തീയതികളിൽ ഐ.ആർ.ടി.സിയിൽ വച്ച് പരിശീലനം നൽകുകയുണ്ടായി. ഐ ആർടിസി ഡയറക്ടർ ഡോക്ടർ എസ്.ശ്രീകുമാർ പരിശീലനപ രിപാടി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഓഫ് റിസർച്ച് ഡോ. എം.ബാലഗോപാൽ, രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ എന്നി വരും പങ്കെടുത്തു.

വിവിധ സെഷനുകളായി ക്രമീകരിച്ച പരിശീലന പരി പാടിയിൽ പദ്ധതിയുടെ സമീപനം, കാഴ്ചപ്പാട്, സ്ട്രാറ്റജി എന്നി വയെ ആസ്പദമാക്കി തീരമൈത്രി പ്രോജക്ട് കൺസൾട്ടന്റ് ശ്രീ.എ.കെ.മാത്യു ആമുഖ അവതരണം നടത്തി. തീരമൈത്രി പദ്ധതിയുടെ ഉല്പത്തി, പരിണാമചരിത്രം, പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്നിവയും വിശദീകരിക്കുകയുണ്ടായി. രണ്ടാമത്തെ സെഷനിൽ മിഷൻ കോർഡിനേറ്റർമാരുടെയും ഓഫീസ് അസിസ്റ്റന്റുമാരുടെയും ഉത്തരവാദിത്വങ്ങൾ അമൽ മോഹൻ വിശദീകരിച്ചു. ഐ.ആർ. ടി.സി റീജിയണൽ കോർഡിനേറ്റർ ജയപ്രകാശ് സംശയനി വാരണ സെഷന് നേതൃത്വം നൽകി. മോട്ടിവേഷൻ സെഷൻ സന്തോഷ് അറയ്ക്കൽ നയിച്ചു. അനുഭവങ്ങൾ പങ്കുവയ്ക്കാൻ മാത്രമായി ഒരു സെഷൻ മാറ്റിവച്ചിരുന്നു. ഈ സെഷൻ നയിച്ചത് തീരമൈത്രിയിലെ സീനിയർ മിഷൻ കോ-ഓർഡിനേറ്റർമാരായ ശ്രീജ, ഷിനോജ് കുമാർ, അഫിഷാൻ എന്നിവരാണ്. 'അവ സരങ്ങളും വെല്ലുവിളികളും' എന്ന സെഷൻ ഐആർടിസി യുടെ മുൻ ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ പിള്ള ന യിച്ചു. ഫിഷറീസ് വകുപ്പിലെ ദീർഘകാല പരിചയസമ്പത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വം ഈ സെഷന് കൂടുതൽ പ്രയോജന പ്രദമായി.

'ഫലപ്രാപ്തിയിൽ ഊന്നൽ നൽകിയുള്ള പദ്ധതിനി ർവഹണം' എന്ന സെഷൻ വിശദമായി കൈകാര്യം ചെയ്തത് പ്രോജക്ട് കൺസൾട്ടന്റ് സുരേഷ് നാരായണനാണ്. ഓഫീസ് നടത്തിപ്പ് ചട്ടങ്ങൾ പ്രതിപാദിച്ച് കൃഷ്ണൻകുട്ടി ക്ലാസെടുത്തു. അവസാന സെഷനിൽ അതുവരെ പഠിച്ച വിഷയങ്ങൾ എല്ലാം സംഗ്രഹിച്ച് അവതരിപ്പിക്കുകയുണ്ടായി. സാഫ് എക്സി ക്യൂട്ടീവ് ഡയറക്ടർ എൻ.എസ്.ശ്രീലുവും ഫിനാൻസ് ഓഫീസർ ഹർഷ കുമാറും ചേർന്നാണ് ഈ സെഷൻ കൈകാര്യം ചെ യ്തത്. 'ജീവനോപാധികളിലെ പുതിയ വഴിത്തിരിവുകൾ' എന്ന വിഷയം അവതരിപ്പിച്ചത് ദേശീയ കുടുംബശ്രീ മി ഷന്റെ ചീഫ് ഓപ്പറേറ്റിങ് ഓഫീസറായ സജിത്ത് ആണ്. സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീലുവിന്റെ അവലോകന ത്തോടെ പരിശീലന പരിപാടികൾ അവസാനിച്ചു.



സജിത് സോമൻ ക്ലാസ് നയിക്കുന്നു



ഡോ.എൻ.കെ.ശശിധരൻ പിള്ള ക്ലാസ് നയിക്കുന്നു

## ആത്മ – ലീഡ്; കർഷകർക്ക് കൂൺകൃഷിയിലും മണ്ണിരക്കമ്പോസ്റ്റ് നിർമ്മാണത്തിലും പരിശീലനം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നെത്തിയ 30 കർ ഷകർക്ക് കൂൺകൃഷിയിലും മണ്ണിരക്കമ്പോസ്റ്റ് നിർമ്മാണത്തിലും പരിശീലനം നൽകി. ഡിസംബർ 18 ന് ഐ.ആർ.ടി.സി ക്യാമ്പസിൽ വച്ചാണ് പരിശീലനം നൽകിയത്. ആത്മ-ലീഡ് നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ പ്രൊഫ.ബി. എം.മുസ്തഫ, സുസ്മിത വി., സൂര്യ സേതുമാധവൻ എന്നിവർ ക്ലാസുകൾ നയിച്ചു. കൂൺകൃഷി പരിശീലനത്തിന് സുനിത, സുധ, സജിത എന്നിവർ നേതൃത്വം നൽകി. മണ്ണിരക്കമ്പോസ്റ്റ് നിർമാണ പരിശീലനത്തിന് ഷീജ, സുസ്മിത എന്നിവർ നേ തൃത്വം നൽകി.

## കാർഷിക സർവകലാശാലാ വിദ്യാർത്ഥികളുടെ ഏകദിന ശില്പശാല

തൃശൂർ മണ്ണുത്തിയിൽ സ്ഥിതി ചെയ്യുന്ന കാർ ഷിക സർവകലാശാലയിലെ ബി.എസ്.സി ഫോറസ്ട്രി വി ദ്യാർത്ഥികൾക്കായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. ജനുവരി രണ്ടിന് ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വച്ചു നടന്ന പരിപാടിയിൽ 24 ഫോറസ്ട്രി വിദ്യാർത്ഥികളും രണ്ട് അദ്ധ്യാപകരുമാണ് പങ്കെടുത്തത്. ആർ.സതീഷ്, പ്രൊഫ.ബി. എം.മുസ്തഫ എന്നിവർ ക്ലാസുകൾ നയിച്ചു. ശില്പശാലയുടെ രണ്ടാം ദിവസം ഐ.ആർ.ടി.സി കാമ്പസ് സന്ദർശിച്ച വിദ്യാർത്ഥി കൾക്ക് വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ പരിചയ പ്പെടുത്തി.

## ഹോർട്ടികൾച്ചർ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും GIS പരിശീലനം

തൃശൂർ ജില്ലയിലെ വെള്ളാണിക്കരയിൽ സ്ഥിതി ചെയ്യുന്ന ഹോർട്ടികൾച്ചർ കോളേജിലെ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമായി ഐ.ആർ.ടി.സിയിൽ GIS (Geographical Information System) പരിശീലനം നൽകി. ഡിസംബർ 28, 29 തിയ്യതികളിൽ കാമ്പസിലെ GIS ഡിവിഷനിലായിരുന്നു പരിശീലനം. ഐ.ആർ.ടി.സി GIS ലാബിലെ ഫാക്കൽറ്റികളായ എം.രാജൻ, എൻ.ആർ. രാഗേന്ദു, വിവേക് അശോകൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

പ്രകൃതിവിഭവ പരിപാലനത്തിനും പ്രാദേശികാസൂത്രണത്തിനും സഹായകരമായ സാങ്കേതികവിദ്യയാണ് GIS (Geo Information System). സോഫ്റ്റ്വെയറുകളുപയോഗിച്ച് വിഭവഭൂപടം നിർമിക്കാനും പദ്ധതിപ്രദേശത്തെ വിവിധങ്ങളായ വിവരശേഖരം അടയാളപ്പെടുത്താനും ഈ സാങ്കേതികവിദ്യ പ്രയോജനപ്രദമാണ്. ഐ.ആർ.ടി.സിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു GIS ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

GIS ലാബ് പ്രവർത്തനങ്ങൾ പ്രധാനമായും മൂന്ന് തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. പാരിസ്ഥിതിക മാപ്പിംഗും തുടർന്ന് അതിന്റെ നിരീക്ഷണവും, പ്രകൃതിവിഭവ പരിപാലനത്തിനായുള്ള GIS ആപ്ലിക്കേഷന്റെ ഉപയോഗം, asset mapping എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. വിദ്യാർത്ഥികൾ, ഗവേഷകർ, മറ്റു പ്രൊഫഷണലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ഈ ഡിവിഷനു കീഴിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല-ദീർഘകാല ഇന്റേൺഷിപ്പ് സൗകര്യവും GIS ഡിവിഷനു കീഴിൽ ഐ.ആർ.ടി.സി നൽകിവരുന്നുണ്ട്. Quantum GIS, Google Earth എന്നീ സോഫ്റ്റ്വെയറുകളാണ് ഇവിടെ പ്രധാനമായും ഉപയോഗിച്ചുവരുന്നത്.

## അഗ്രിപ്രെനേഴ്സിനുള്ള ഗ്രാമീണ എൻറർപ്രൈസ് പരിശീലന പരിപാടി

ഹൈദരാബാദിലുള്ള 'MANAGE' എന്ന സ്ഥാപനത്തിനു വേണ്ടി കൃഷിയധിഷ്ഠിത വ്യാപാരസംരംഭങ്ങൾക്കായി (Agri Business) നാലുദിവസം നീണ്ടുനിന്ന ഒരു പരിശീലനം ഒക്ടോബർ 3 മുതൽ 6 വരെ ഐആർടിസി വച്ച് നടന്നു. ഐ.ആർ.ടി.സിയിലെയും ഇതര സ്ഥാപനങ്ങളിലെയും വിദഗ്ധരുടെ നേതൃത്വത്തിലാണ് പരിശീലനം നടന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 23 കൃഷിശാസ്ത്ര ബിരുദധാരികൾ പങ്കെടുത്തു. 11 സെഷനുകളിലായി നടന്ന പരിശീലനത്തിൽ മത്സ്യകൃഷി, സുഗന്ധ ഔഷധക്കൃഷി, കൂൺകൃഷി, ജീവനോപാധികൾ, ഹരിത ഊർജം, വാഴകൃഷി, പച്ചക്കറി വിത്തുൽപാദനം, തേൻ ഉൽപാദനവും പ്രോസസിംഗും, മുളകൃഷി, ഖരമാലിന്യ പരിപാലനം എന്നീ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു.

## വളണ്ടിയർമാർക്കുള്ള പരിശീലനം

2018 ആഗസ്ത് 30 ന് കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട സർവ്വേ നടത്താനുള്ള വളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി നടന്നു. മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ സംഭവിച്ച നാശനഷ്ടങ്ങളെ തിട്ടപ്പെടുത്താനാണ് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ സർവ്വേ നടത്താൻ തീരുമാനിച്ചത്. പഞ്ചായത്തിനകത്തെ എൻ.എസ്.എസ് വളണ്ടിയർമാരെയും അകത്തേത്തറ എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള 30 അംഗ സംഘത്തിനാണ് പരിശീലനം നൽകിയത്.

## കൂൺകൃഷിയിൽ പരിശീലനം സംഘടിപ്പിച്ചു

ഐ.ആർ.ടി.സി കാമ്പസിനെ സമൂഹവമായി നേരിട്ട് ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഒന്നാണ് കാമ്പസിൽ പ്രവർത്തിക്കുന്ന കൂൺ ഉൽപാദന യൂണിറ്റ്. ബദൽ ഭക്ഷ്യസംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയും സ്വയംതൊഴിൽ സംരംഭക പരിശീലന കേന്ദ്രമെന്ന നിലയിലുമാണ് ഈ യൂണിറ്റ് പ്രവർത്തിച്ച് വരുന്നത്. ധാരാളം ഗ്രാമീണ സ്ത്രീകൾക്കും ചെറുകിട ഉൽപാദകർക്കും കൂൺ ഉൽപാദനത്തിൽ പരിശീലനം നൽകി വരുന്നു. ഒരു ജീവനോപാധയെന്ന നിലയിൽ സ്വന്തമായി കൂണുൽപാദന യൂണിറ്റ് ആരംഭിച്ചു. നിരവധി പേർക്ക് സാങ്കേതിക സഹായങ്ങളും നൽകി വരുന്നുണ്ട്. ഗുണനിലവാരമുള്ള കൂൺവിത്തുകളുടെ (സ്പോൺ) ഉൽപാദനവും വിതരണവും നടത്തുന്ന ലാബ് സംവിധാനവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒക്ടോബർ 16, 17 തിയ്യതികളിൽ കാമ്പസിലെ കൂണുൽപാദന യൂണിറ്റിന്റെ നേതൃത്വത്തിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. തിരഞ്ഞെടുത്ത 30 പേർക്ക് പരിശീലനം നൽകി. കൂണിന്റെ ശാസ്ത്രീയവിവരങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസുകളും പ്രായോഗിക പരിശീലനവുമാണ് നടന്നത്. പ്രൊഫ.ബി.എം.മുസ്തഫ, സൂര്യ സേതുമാധവൻ എന്നിവർ ക്ലാസുകൾക്കും, സജിത, സുനിത, സുധ എന്നിവർ പ്രായോഗിക പരിശീലനത്തിനും നേതൃത്വം നൽകി.



പരിശീലനത്തിൽ പങ്കെടുക്കുന്ന അഗ്രിപ്രെനേഴ്സ്

## തിരൂർ–പൊന്നാനി പുഴ സംരക്ഷണം; മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചു



മലപ്പുറം ജില്ലാ പഞ്ചായത്തിനു വേണ്ടി ഐ.ആർ.ടി.സി തയ്യാറാക്കിയ തിരൂർ-പൊന്നാനി പുഴസംരക്ഷണത്തിനായുള്ള മാസ്റ്റർപ്ലാൻ ജില്ലാപഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ചു. 261 കോടി രൂപയുടെ പദ്ധതി നിർദേശങ്ങളടങ്ങിയ മാസ്റ്റർപ്ലാനാണ് ഐ.ആർ.ടി.സി സമർപ്പിച്ചത്. ഏറെ കാലങ്ങളായി വൻതോതിൽ മലിനീകരണം നേരിടുന്ന പുഴയെ മാലിന്യമുക്തമാക്കുന്നതിനും ടൂറിസം സാധ്യത വർധിപ്പിക്കുന്നതിനുമുള്ള നിർദേശങ്ങളടങ്ങിയ മാസ്റ്റർപ്ലാൻ പരിസ്ഥിതിസൗഹൃദ വികസനത്തിലും പ്രകൃതിവിഭവ സംരക്ഷണത്തിലും ഊന്നൽ നൽകുന്നതാണ്. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്.

തിരൂർ-പൊന്നാനി പുഴ ഒഴുകുന്ന ആറ് പഞ്ചായത്തുകളിൽ നടത്തിയ സർവ്വേയെ അധികരിച്ച് നീർത്തടാധിഷ്ഠിത വികസനം എന്ന കാഴ്ചപ്പാടിൽ ഊന്നിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. വെട്ടം, മംഗലം, തൃപ്രങ്ങോട്, ചെറിയമുണ്ടം, തലക്കാട്, തിരൂർ നഗരസഭ തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് സർവ്വേ നടന്നത്. ടാബ്ലറ്റുകൾ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് പദ്ധതിപ്രദേശങ്ങളിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകി. ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി മണ്ണ്-ജല സംരക്ഷണം, സമ്പൂർണ്ണ മാലിന്യസംസ്കരണം, കാർഷിക അഭിവൃദ്ധി, ടൂറിസം വികസനം എന്നിവ സാധ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാനായി.

മലിനീകരണം ശക്തമായതോടെ 2012ൽ പുഴയിലെ മത്സ്യങ്ങൾ കൂട്ടമായി ചത്തൊടുങ്ങിയ സംഭവം തിരൂർ-പൊന്നാനി പുഴയിലെ മലിനീകരണത്തിന്റെ പ്രത്യാഘാതങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വരുന്നതിനിടയാക്കി. മംഗലം പഞ്ചായത്തിലെ കൂട്ടായിയിൽ പ്രവർത്തിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം താറുമാറായതും പുഴമലിനീകരണത്ത ആക്കം കൂട്ടി. മലിനീകരണം കനത്തതോടെ പുഴയിൽ ഓക്സിജന്റെ അളവ് ക്രമാതീതമായി കുറയുകയും ജീവജാലങ്ങൾക്ക് നിലനിൽക്കാൻ കഴിയാതെ വരികയുമായിരുന്നു. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനോടൊപ്പം തന്നെ ഇത്തരം പ്രശ്നങ്ങളെ അടിയന്തിരമായി പരിഹരിക്കാനാവശ്യമായ ഇടപെടലുകളും നടന്നുവരികയാണ്. പ്രശ്നപരിഹാര നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ജനപ്രതിനികളും ഉദ്യോഗസ്ഥരും പ്രദേശത്തെ ജനങ്ങളും സംയുക്തമായി നിരന്തരം യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതിയിലുൾപ്പെട്ട ആറു പഞ്ചായത്തുകളും തിരൂർ മുനിസിപ്പാലിറ്റിയും ചേർന്നുകൊണ്ട് ഒരു പ്രോട്ടോകോൾ വികസിപ്പിച്ചെടുക്കുകയും അത് പാലിക്കാനുള്ള നടപടികളും സംവിധാനങ്ങളും, ഒരുക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾക്ക് രൂപം നൽകി വരുന്നു.

## ആത്മ (ATMA) കർഷകരുടെ ഐആർടിസി സന്ദർശനം

മങ്കര ഗ്രാമപഞ്ചായത്തിലെ 50 കർഷകർ നവംബർ ഒമ്പതാം തിയതി ഐആർടിസി സന്ദർശിച്ചു. സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തന മേഖലകൾ പരിചയപ്പെടുത്തിയതിനൊപ്പം ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണത്തെ കുറിച്ച് വിശദമായ ക്ലാസ് നൽകുകയുമുണ്ടായി. കൃഷി വകുപ്പിന്റെ ആത്മ പ്രോജക്റ്റിന്റെ ഭാഗമായിട്ടായിരുന്നു ഈ സന്ദർശനം.

## ഇടുക്കിയിൽ നിന്നുള്ള ഹരിതകർമ്മസേന ഐ.ആർ.ടി.സി സന്ദർശിച്ചു

ഇടുക്കിയിൽ നിന്നെത്തിയ കുടുംബശ്രീ-ഹരിത കർമ്മസേന ഏകദിന ശില്പശാലയ്ക്കും സന്ദർശനത്തിനുമായി ഐ.ആർ.ടി.സി ക്യാമ്പസിലെത്തി. ഇടുക്കി ജില്ലയിലെ ദേവികുളം, അടിമാലി, നെടുങ്കണ്ടം, കട്ടപ്പന, ഇടുക്കി, തൊടുപുഴ, ഇളംദേശം തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള 350 പ്രവർത്തകരാണ് ഐ.ആർ.ടി.സി രൂപപ്പെടുത്തിയ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട മാതൃകകളും സാങ്കേതികവിദ്യകളും പരിചയപ്പെടുന്നതിനായി കാമ്പസിലെത്തിയത്.

## ഐ.ആർ.ടി.സി എക്സിബിഷൻ


1. 2018 ഡിസംബർ 14, 15 തിയ്യതികളിൽ ഷൊർണ്ണൂർ-കൊളപ്പുള്ളി നഗരസഭാ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഐ.ആർ.ടി.സിയുടെ വിവിധ മാലിന്യസംസ്കരണോപാധികൾ പ്രദർശനത്തിനു വച്ചു. ഹരിതകേരള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഷൊർണ്ണൂർ നഗരസഭ ഹരിതമാർഗ്ഗരേഖ തയ്യാറാക്കുന്നുണ്ട്. ഇതിന്റെ പ്രചരണാർത്ഥം സംഘടിപ്പിച്ച ഉറവിട മാലിന്യസംസ്കരണ ഉപാധികളുടെ പ്രദർശനത്തിലാണ് ഐ.ആർ.ടി.സി പവലിയൻ തുറന്നത്.

## ഫോൾഡ്സ്കോപ്പ് ഉപയോഗവും സാധ്യതകളും: ശില്പശാല

യു.പി-ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 2018 ആഗസ്ത് 11 ന് ഫോൾഡ്സ്കോപ്പിനെ സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചു. 'ഫോൾഡ്സ്കോപ്പ് - ഉപയോഗവും സാധ്യതകളും' എന്ന വിഷയത്തിൽ ഐ.ആർ.ടി.സി ക്യാമ്പസിൽ വച്ചു നടന്ന ഏകദിന ശില്പശാലയിൽ 30 പേർ പങ്കെടുത്തു. ഫോൾഡ്സ്കോപ്പ് എന്ന പുതിയ ശാസ്ത്ര ഉപകരണത്തെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താനും സാധ്യതകളെ തുറന്നുകാണിയ്ക്കാനുമാണ് ഐ.ആർ.ടി.സി ശില്പശാല സംഘടിപ്പിച്ചത്. പരിപാടിയിൽ ഫോൾഡ്സ്കോപ്പ് ഉപയോഗവും പരിശീലിപ്പിച്ചു.

ശില്പശാലയ്ക്ക് ഐ.ആർ.ടി.സിയിലെ ഫോൾഡ്സ്കോപ്പ് ടീം അംഗങ്ങളായ ആർ.റെനില, പി.ശില്പ, സൂര്യ സേതുമാധവൻ എന്നിവർ നേതൃത്വം നൽകി. ആർ.റെനില കുട്ടികൾക്ക് ഫോൾഡ്സ്കോപ്പ് പരിചയപ്പെടുത്തി. വിവിധ വസ്തുക്കളെ ഫോൾഡ്സ്കോപ്പിലൂടെ നിരീക്ഷിക്കാൻ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. തുടർന്ന് സൂക്ഷ്മജീവികളുടെ ചലനം മൊബൈൽ പ്രൊജക്ടർ വഴി സ്മാർട്ട് ബോർഡിൽ പ്രദർശിപ്പിച്ചു. ഫോൾഡ്സ്കോപ്പിന്റെ വിവിധ സാധ്യതകളെ സംബന്ധിച്ച് പി.ശില്പ വിദ്യാർത്ഥികളോട് സംസാരിച്ചു. വൈകീട്ട് നാല് മണിയോടെ ഏകദിന ശില്പശാല അവസാനിച്ചു.

സൂക്ഷ്മജീവികളുടെ ലോകം പരിചയപ്പെടുത്തുന്ന ഫോൾഡ്സ്കോപ്പ് ഒരു പേപ്പർ നിർമിത മൈക്രോസ്കോപ്പാണ്. നനവേൽക്കാത്ത പേപ്പറും ഒരു മൈക്രോലെൻസും അടങ്ങുന്ന ഈ ഉപകരണം എളുപ്പത്തിൽ നിർമിക്കാവുന്നതും കയ്യിൽ കൊണ്ടുനടക്കാവുന്നതുമാണ്. വളരെ ചെലവു കുറഞ്ഞ ഇത്തരം ഫോൾഡ്സ്കോപ്പിന്റെ ഉപയോഗം വഴി സൂക്ഷ്മജീവികളുടെ ലോകം എന്തെന്ന് ഏതൊരു സാധാരണക്കാരനും വിദ്യാർത്ഥിക്കും കണ്ടറിയാനാകും. ഈ ഉപകരണത്തിന്റെ ഉത്ഭവം അമേരിക്കയിൽ സ്റ്റാൻഡ്ഫോർഡ് സർവകലാശാലയിലാണ്. 2014 ൽ അവിടെ ഗവേഷണം നടത്തിയിരുന്ന മനുപ്രകാശ് എന്ന ഇന്ത്യാക്കാരനാണ് ആദ്യമായി ഫോൾഡ്സ്കോപ്പിന് രൂപം കൊടുക്കുന്നത്. ശാസ്ത്രപ്രചരണത്തിനും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും കരുത്തു പകരുന്ന ഫോൾഡ്സ്കോപ്പിന് ഇന്ന് ലോകം മുഴുവൻ പ്രചാരം കൈവന്നിട്ടുണ്ട്.



ഫോൾഡ്സ്കോപ്പ് ഉപയോഗിച്ച് നിരീക്ഷണം നടത്തുന്ന വിദ്യാർത്ഥികൾ



റെനില, ശില്പ എന്നിവരുടെ നേതൃത്വത്തിൽ ഫോൾഡ്സ്കോപ്പ് പരിശീലനം നടക്കുന്നു



**FoldScope**



സ്റ്റാൻഫോർഡ് സർവകലാശാലയിലെ
ഇന്ത്യൻ ഗവേഷകനായ
**മനുപ്രകാശ്** ആണ്
ഫോൾഡ്സ്കോപ്പിന് രൂപം കൊടുത്തത്




## പ്രതിഭാസംഗമം

പാലക്കാട് ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കുള്ള പ്രതിഭാസംഗമം ഐ.ആർ.ടി.സിയിൽ വച്ച് നടന്നു. 2018 ഡിസംബർ 22 ന് നടന്ന ഏകദിന ക്യാമ്പ് പാലക്കാട് DIET പ്രിൻസിപ്പൽ ശ്രീ.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പാലക്കാട് ഡി.ഇ.ഒ അനിത ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിച്ചു. പരിസ്ഥിതിക്കിണങ്ങുന്ന കെട്ടിടനിർമാണ രീതികളെക്കുറിച്ചും ലാറി ബേക്കർ മോഡൽ രീതിശാസ്ത്രത്തെ കുറിച്ചും ക്ലാസുകൾ നടന്നു. സിവിൽ എഞ്ചിനിയറായ മനോജ്, പാലക്കാട് ഐ.ഐ.ടി ഗവേഷകനായ നീരജ് എന്നിവരാണ് അവതരണങ്ങൾ നടത്തിയത്.

ഐ.ആർ.ടി.സിയിലെ മാലിന്യപരിപാലനം, കൂണുൽപാദനം എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ കണ്ടറിഞ്ഞു. കാമ്പസിലെ ഡിവിഷനുകളുടെ പ്രവർത്തനങ്ങൾ വിവരിക്കുന്നതിനും സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും ഐ.ആർ.ടി.സി ഗവേഷകരായ സുസ്മിത, ശില്പ, റെനില, സൂര്യ, അനൂപ് എന്നിവർ നേതൃത്വം നൽകി. സമാപനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് അധികപഠനത്തിനായുള്ള പുസ്തകവിതരണം നടന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'മനുഷ്യശരീരം', 'ബഹിരാകാശ പര്യവേക്ഷണം', ' വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം' എന്നീ പുസ്തകങ്ങളാണ് വിതരണം ചെയ്തത്.



വിദ്യാർത്ഥികൾക്ക് 'മനുഷ്യശരീരം' പുസ്തകം വിതരണം ചെയ്യുന്നു




മാലിന്യസംസ്കരണത്തെ സംബബന്ധിച്ച്
ഗവേഷക സുസ്മിത ക്ലാസെടുക്കുന്നു

## അട്ടപ്പാടിയിലെ 'വാടി' പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

നബാർഡിന്റെ TDF (Tribal Development Fund) നു കീഴിൽ അട്ടപ്പാടിയിൽ നടന്നുവരുന്ന 'വാടി' പദ്ധതി പുരോഗമിക്കുന്നു. അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിലെ 8 ഊരുകളിലെ 401 ആദിവാസി കുടുംബങ്ങളെ ലക്ഷ്യമിട്ടാണ് കഴിഞ്ഞ നാലു വർഷമായി വാടി പദ്ധതി നടന്നുവരുന്നത്. നേരത്തെ പദ്ധതിരേഖ തയ്യാറാക്കുന്നതിനും പദ്ധതി നടത്തിപ്പിനുമായി നബാർഡ് ഐ.ആർ.ടി.സിയെയാണ് ഏൽപ്പിച്ചിരുന്നത്. പദ്ധതിയുടെ ഭാഗമായി ഇതിനോടകം 1,30,000 ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. കൂടാതെ 5 ലിഫ്റ്റ് ഇറിഗേഷൻ, ഒരു ഗ്രാവിറ്റി ഇറിഗേഷൻ പദ്ധതിയും പൂർത്തീകരിക്കാനായി. പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും ഐ.ആർ.ടി.സിയാണ് നടത്തിവരുന്നത്.

പദ്ധതിയിലുൾപ്പെട്ട കുടുംബങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മൂല്യവർധനവ് വരുത്തുന്നതിനും വിപണനം നടത്തുന്നതിനുമുള്ള പ്രവർത്തന പരിപാടിയും പുരോഗമിക്കുന്നു. ഇതിനായി ഗുണഭോക്തൃ കുടുംബങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് 'ആരണ്യ ട്രൈബൽ ഫാർമർ സൊസൈറ്റി' രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഈ സൊസൈറ്റിയിൽ അംഗങ്ങളായവർക്ക് തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, വ്യക്തിത്വവികാസത്തിനായുള്ള പരിശീലനങ്ങൾ എന്നിവ നൽകിവരുന്നു.

## വിദ്യാർത്ഥികളുടെ വ്യക്തിത്വവികസന ക്യാമ്പ്

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെൻറർ ഫോർ റിസേർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ ട്രാൻസ്ഫോർമേഷന്റെ (CREST) നേതൃത്വത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ക്യാമ്പുകൾ ഐ.ആർ.ടി.സിയിൽ നടന്നു. പത്തുദിവസത്തെ രണ്ട് ക്യാമ്പുകളാണ് നടന്നത്. ആദ്യ ക്യാമ്പ് 2018 സെപ്റ്റംബർ 21 മുതൽ 31 വരെയും രണ്ടാമത്തെ ക്യാമ്പ് ഡിസംബർ 21 മുതൽ 31 വരെയും നടന്നു. കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളിലെ 70 വിദ്യാർത്ഥികളാണ് രണ്ടു ഘട്ടങ്ങളിലായി നടത്തിയ ക്യാമ്പുകളിൽ പങ്കെടുത്തത്. വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം ലക്ഷ്യമിട്ട് നടത്തിയ ക്യാമ്പിന് ക്രെസ്റ്റ് കോർഡിനേറ്റർ ജയ് ശ്രീകുമാർ നേതൃത്വം നൽകി.

## വനിതാകർഷകരുടെ ശേഷീവികസനം; പരിശീലനം

2018 ഒക്ടോബർ 31 ന് Alternative Development Initiative (adi) ന്റെ നേതൃത്വത്തിലുള്ള പരിശീലന പരിപാടി ഐ.ആർ.ടി.സി കാമ്പസിൽ നടന്നു. വികസനരംഗത്ത് ബദൽ കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കുകയാണ് ഈ സംഘടനയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ തിരഞ്ഞെടുത്ത വനിതാ കർഷകർക്കും കാർഷികാനുബന്ധ സംരഭകർക്കും വേണ്ടിയാണ് പരിശീലനം സംഘടിപ്പിച്ചത്. ജൈവകൃഷി നടത്തുന്ന വനിതാ സംഘങ്ങളുടെ ശേഷീവികസനം ലക്ഷ്യമിട്ട് നടന്ന പരിപാടി വൈകീട്ട് 5 മണിയോടെ അവസാനിച്ചു.

## ബി.ആർ.സി നേതൃത്വത്തിൽ 'ജ്വാല' നാടകക്യാമ്പ്

പറളി ബി.ആർ.സിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കുള്ള നാടകക്യാമ്പ് ഐ.ആർ.ടി.സി കാമ്പസിൽ നടന്നു. 2019 ജനുവരി 25 മുതൽ 28 വരെയാണ് ക്യാമ്പ് നടന്നത്. പെൺകുട്ടികളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിടുന്ന സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിലാണ് 'ജ്വാല' നാടക ക്യാമ്പ് സംഘടിപ്പിച്ചത്. പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും 31 കുട്ടികളാണ് പങ്കെടുത്തത്. 'പെൺകുഞ്ഞുണര്' എന്ന പേരിൽ ഒരു നാടകവും ക്യാമ്പിൽ അരങ്ങേറി. ക്യാമ്പിന്റെ കോ - ഓർഡിനേറ്ററായ ശ്രീമതി. ഷൈലജയുടെ വ്യക്തിത്വ വികസന ക്ലാസ്സും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. പെൺകുട്ടികൾ നേരിടുന്ന അരക്ഷിതാവസ്ഥയുടെ വിവിധ മുഖങ്ങൾ ചർച്ചാവിഷയമായി.

ജില്ലാ പ്രോജക്ട് ഓഫീസറായ എം.ജയരാജന്റെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. നാടക ക്യാമ്പിന്റെ ഉദ്ഘാടനം പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.പി ബിന്ദു നിർവഹിച്ചു. ടി.കെ നാരായണദാസ് നാടക ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെ.യ്തു. പി. അബ്ദുൾ ഖാദർ (ബി.പി.ഒ, പറളി) സ്വാഗതം ആശംസിച്ച പരിപാടിയിൽ ബിന്ദു (വാർഡ് മെമ്പർ), എം.കെ കുട്ടികൃഷ്ണൻ (മുണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), പ്രൊഫ.ബി.എം. മുസ്തഫ (ഐ.ആർ.ടി.സി ഊർജവിഭാഗം മേധാവി) എന്നിവർ സംസാരിച്ചു.



വിദ്യാർത്ഥികൾ നാടക പരിശീലനത്തിൽ



### പരിഷത്ത് പ്രവർത്തകർക്ക് മാലിന്യപരിപാലന പരിശീലനം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സന്നദ്ധ പ്രവർത്തകർക്ക് മാലിന്യസംസ്കരണത്തിൽ പരിശീലനം നൽകി. 2018 ഒക്ടോബർ 19, 20 തിയ്യതികളിലാണ് പരിശീലന പരിപാടി നടന്നത്. മലപ്പുറത്തുനിന്ന് 15 പേരും, തിരുവനന്തപുരം ജില്ലയിൽ നിന്നും 10 പേരും പങ്കെടുത്തു. മാലിന്യപരിപാലനരംഗത്തെ മികവിന്റെ കേന്ദ്രമായ ഐ.ആർ.ടി.സിയുടെ വിവിധ പ്രവർത്തനങ്ങൾ പരിശീലനത്തിനെത്തിയവർ കണ്ടു മനസ്സിലാക്കി. പ്രൊഫ.വി.ആർ.രഘുനന്ദനൻ, പ്രൊഫ.ബി.എം.മുസ്തഫ തുടങ്ങിയവർ മാലിന്യസംസ്കരണത്തെ സംബന്ധിച്ച ക്ലാസുകൾ നയിച്ചു. Solid Waste Management ഡിവിഷനിലെ സുസ്മിത.വി, ഫാത്തിമ നഷ്വ, തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി. ക്ലാസുകൾക്കു പുറമെ പ്രായോഗിക പരിശീലനവും നൽകിയിരുന്നു.

## IRTC Administration

**Director:** **Dr. S. Sreekumar**

(2018 September onwards)
Rtd. Professor
Head of the Department of Geology
Christ College, Irinjalakkuda

**Registrar:** **K.K. Janardhanan**

(2018 July onwards)
Former General Secretary of KSSP
Rtd. Sub Regional Employment Officer

**Director of Research: Dr. M. Balagopal**

(2018 July onwards)
Former Chief Scientist &
Research Coordniator,
KFRI, Thrissur

**Adminstrative Officer: M. Ramachandran**

## Head of Divisions

| Division | Head |
|---|---|
| Energy | Prof. B.M. Musthafa |
| Social Science | Dr. K. Rajesh |
| Natural Resource Management | R. Satheesh |
| Pottery | Dr. M. Lalithambika |
| Solid Waste Management | Prof. V.R. Raghunandanan |

## നിലമ്പൂർ – അരീക്കോട് ബ്ലോക്കിലെ ആദിവാസി ഊരുകളിൽ TDF വാടി പദ്ധതി

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ ചാലിയാർ പഞ്ചായത്തിലും, അരീക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിലുമായി തിരഞ്ഞെടുക്കപ്പെട്ട ആദിവാസി ഊരുകളിലെ കുടുംബങ്ങളുടെ ജീവനോപാധി മെച്ചപ്പെടുത്താനുള്ള നബാർഡിന്റെ 'വാടി' പദ്ധതിക്ക് തുടക്കമായി. നബാർഡിന്റെ TDF (Tribal Development Fund) ന്റെ കീഴിലുള്ള പദ്ധതിയുടെ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനം ഐ.ആർ.ടി.സി പൂർത്തിയാക്കി. പദ്ധതിപ്രദേശത്ത് നടത്തിയ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ

ഐ.ആർ.ടി.സി തയ്യാറാക്കിയ പദ്ധതിരേഖ നബാർഡിന് കൈമാറി. പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ഐ.ആർ.ടി.സി നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് ഡിവിഷനിലെ ആർ.സതീഷ്, സോഷ്യൽ സയൻസസ് ഡിവിഷനിലെ ഡോ.കെ.രാജേഷും നേതൃത്വം നൽകി. ഐ.ആർ.ടി.സി സമർപ്പിച്ച പദ്ധതിരേഖയ്ക്കു മേലുള്ള നബാർഡ് ഉദ്യോഗസ്ഥരുടെ അവലോകനയോഗം 2019 ഫെബ്രുവരി 25, 26 തിയ്യതികളിൽ നടക്കുന്നു.

ചാലിയാർ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ 22 ഊരുകളിലെ 501 ആദിവാസി കുടുംബങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയാണ് വാടി. ഓരോ കുടുംബത്തിനും ഒരേക്കർ സ്ഥലത്ത് ഫലവൃക്ഷങ്ങൾ, മറ്റ് ആദായമുള്ള വൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുകയാണ് ആദ്യപടി. കൂടാതെ വിവിധ ജീവനോപാധി പ്രവർത്തനങ്ങൾ വികസിപ്പിക്കാനുള്ള ഇടപെടലുകളും ഉണ്ടാകും. ഇതോടെ ഊരുകളിലെ കുടുംബങ്ങളുടെ സ്ഥായിയായ ഉപജീവനം സാധ്യമാകുമെന്നാണ് നബാർഡ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനും ഐ.ആർ.ടി.സിക്ക് തന്നെയാണ് ചുമതല. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു.

### 2018 ഒക്ടോബർ – ഡിസംബർ മാസങ്ങളിലായി ഐ.ആർ.ടി.സിയിൽ നടന്ന പരിശീലന പരിപാടികൾ

| നം. | ശില്പശാല/പരിശീലന പരിപാടി | തീയതി | സംഘാടനം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| 1 | ആർദ്രം മിഷൻ – കുടുംബാരോഗ്യ കേന്ദ്രങ്ങൾ | 03-10-2018 മുതൽ 13-12-2019 വരെ | ആരോഗ്യ വകുപ്പ്, കില | 2200 |
| 2 | ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള മാലിന്യ പരിപാലന പരിശീലനം | 01-08-2018 മുതൽ 09-11-2019 വരെ | ഐ.ആർ.ടി.സി | 160 |
| 3 | തീരമൈത്രി മിഷൻ കോർഡിനേറ്റർമാർക്കുള്ള പരിശീലനം | 15-10-2018 മുതൽ 17-10-2018 വരെ | ഐ.ആർ.ടി.സി–പി.ഐ.യു | 50 |
| 4 | കൂൺകൃഷി പരിശീലനം | 16-10-2018 മുതൽ 20-10-2018 വരെ | ഐ.ആർ.ടി.സി | 18 |
| 5 | ഹരിതകേരളം ശില്പശാല | 19-10-2018 മുതൽ 20-10-2018 വരെ | ഐ.ആർ.ടി.സി | 25 |
| 6 | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ശില്പശാല | 19-10-2018 മുതൽ 20-10-2018 വരെ | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | 20 |
| 7 | ഹരിതസഹായ സ്ഥാപനം പരിശീലനം | 5-11-2018 മുതൽ 7-11-2018 വരെ | ഐ.ആർ.ടി.സി | 40 |
| 8 | കാർഷിക പരിശീലനം (രണ്ടു ബാച്ചുകൾ) | 9-11-2018, 18-12-2018 | ആത്മ ട്രസ്റ്റ് | 50<br>50 |
| 9 | ബയോഗ്യാസ് പരിശീലനം (ബീഹാർ) | 16-12-2018 മുതൽ 8-01-2019 വരെ | ഐ.ആർ.ടി.സി–ബി.ജി.വി.എസ് | 20 |
| 10 | വിദ്യാർത്ഥികളുടെ ശില്പശാല | 21-12-218 മുതൽ 31-12-2018 വരെ | CREST,കോഴിക്കോട് | 65 |
| 11 | ഗിഫ്റ്റഡ് ചിൽഡ്രൻസ് പ്രോഗ്രാം | 22-12-2018 & 29-12-2018 | വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ | 60 |
| 12 | GIS പരിശീലനം | 28-12-2018 മുതൽ 29-12-2018 വരെ | ഐ.ആർ.ടി.സി | 10 |
| 13 | അഗ്രിപ്രെനേഴ്സിനുള്ള ഗ്രാമീണ എന്റർപ്രൈസ് പരിശീലനം | 3-10-2018 മുതൽ 6-10-2018 വരെ | MANAGE, ഹൈദരാബാദ് | 30 |
| 14 | പരിശീലനം | 8-12-2018 മുതൽ 9-12-2018 വരെ | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | 50 |

## IRTC offers wide range of facilities

- Guidence projects /desertations/field works
- Internship opportunities
- Laboratory facilities for water, soil, compost, oil analysis
- GIS Lab for mapping, using free software
- Aquaculture Lab for ornamental fishes
- Tissue Culture Laboratory for mushroom spawn production and related works
- Microbiology Lab
- Electrical & electronics lab facilites
- Library & documentation centre
- Weather station
- Well equiped training hall & auditorium
- Accommodation facilities
- Canteen

## Major Divisions & Activities by IRTC

Natural Resource Management (NRM)
- Watershed management
- Resource mapping
- Agriculture & allied activities

Solid Waste Management (SWM)
- Grey water treatment
- Vermi composting
- Windrow composting
- Dry composting

Project Implementation Unit (PIU)

Samata (Parishad Production Centre)

Social Science Division

Energy Division

Pottery Division

Fisheries Division

Mushroom Division

## Trainings Provide by IRTC

Mushroom cultivation
Soap & detergent making
Terracotta/Pottery
Solid Waste Mangement
Watershed Management
Rainwater Harvesting Technology

## Reach Us

IRTC main campus
Mundur (PO), Palakkad-678592
Phone: 0491-2832324, 2832663
Email: mail@irtc.org.in
Website: www.irtc.org.in



A Research & Development Institution Supported by **DST. Govt. of India & KSCSTE, Govt. of Kerala**

# IRTC

Promoted by
**Kerala Sasthra Sahithya Parishad (KSSP)**

Integrated Rural Technology Centre
Mundur, Palakkad, Kerala

*Email*: mail@irtc.org.in, *Website*: www.irtc.org.in
*Phone*: 0491-283 2324, 283 2663

**Accredited Agency for**

**Preparation of Resource Map**

**Solid Waste Management**

**Watershed Development**

**Rainwater Harvesting**

**Powerline Mapping**